

little
KITEs

# School Complex



**ഒരു നാടിന്റെ അഭിമാനമായി ......**
**ഒരു തലമുറയുടെ പ്രതീക്ഷയായി ......**




Raji.C



# സമർപ്പണം

# Team Little Kites


ഡി .വി .എച് .എസ് .എസ്  &
വി .എച് .എസ് .എസ്
തലവൂർ പി ഒ, കൊല്ലം ജില്ല
കൊട്ടാരക്കര വിദ്യാഭാസ ജില്ലാ
ഫോൺ : 9074847760, 7306713912
**email :devidurga1954@gmail.com**


## Our Specialities

- ഹൈടെക് ക്ലാസ്സ്റൂമുകൾ
- ആധുനിക കമ്പ്യൂട്ടർ ലാബുകൾ
- ലൈബ്രറി
- **SPC, NCC,Little Kite, JRC**
- ക്ലാസ്സ് ലൈബ്രറി
- പ്രഗത്ഭരും പരിചയസമ്പന്നരുമായ അദ്യാപകർ
- ക്ലാസ്സ് പി.റ്റി.എ, യൂണിറ്റ് ടെസ്റ്റുകൾ, പ്രീ മോഡൽ പരീക്ഷകൾ
- സ്കൂളിന്റെ വിവിധ ഭാഗങ്ങളിലേക്ക് യാത്രാ സൗകര്യം

# താളുകൾ മറയ്ക്കുമ്പോൾ


- എഡിറ്റോറിയൽ (6)
- നാൾവഴികളിലൂടെ (7)
- വേഗമുറങ്ങൂ (കവിത)(8)
- കടങ്കഥകൾ (9)
- എനിക്ക് സ്കൂളിൽ പോകണം (10)
- **Rainbow (Poem)**(11)
- **The First God** (12)
- അമ്മക്കുരുവിയുടെ വീട് (13-14)
- കവിപരിചയം (15-18)
- ബാലചന്ദ്രൻ ചുള്ളിക്കാട്(15-16)
- സുഭാഷ് ചന്ദ്രൻ (17-18)
- ലഹരിക്കെതിരെ (**Essay**)(18)
- എന്റെ വിദ്യാലയം (19)
- ഓർമ്മ (കവിത) (20)
- വരകൾ വർണങ്ങൾ (21-23)

# എഡിറ്റോറിയൽ



അക്ഷരങ്ങൾ സ്നേഹപൂർവ്വം
ഓർമപ്പെടുത്തലാണ് ..
ഓർമ്മകൾ കളവുപറയാത്ത
ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളും
വാക്കുകൾ അവ കാലത്തിന്റെ
കുത്തൊഴുക്കിൽ
നഷ്ടപെടുന്ന മനുഷ്യതാളമാണ് ...

ഭാവിയിലേക്കുള്ള  കുതിപ്പുകൾക്ക് കാതോർത്ത്
ക്ലാസ്സ്മുറികളിലെ
പാഠങ്ങൾക്കൊപ്പം കലയുടെയും സാഹിത്യത്തിന്റെയും
മാന്ത്രിക സൗന്ദര്യത്തെ സ്വാംശീകരിച്ച് നമുക്ക്
മുന്നേറേണ്ടതുണ്ട് ...
അർത്ഥങ്ങളും ആശയങ്ങളും നഷ്ടപെടുന്ന
ആധുനിയ ലോകത്ത് '**സാരംഗി** 'വേറിട്ട ചിന്തകളുടെ
കലവറയാണ് .
പൂർണതയുടെ അവകാശവാദങ്ങൾ ഇല്ലാതെ
വ്യത്യസ്തമായൊരു വായനാനുഭവത്തിനായി
'**സാരംഗി**' സവിനയം സമർപ്പിക്കുന്നു.

സസ്നേഹം

ടീം . ലിറ്റിൽ കൈറ്റ്സ്

2025 ബാച്ച്

# നാൾവഴികളിലൂടെ

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ തലവൂർ ഗ്രാമപഞ്ചായത്തിലെ ഞാറയ്ക്കാട് വാർഡിൽ സ്ഥിതിചെയ്യുന്ന DVVHSS എന്ന ഈ സരസ്വതീക്ഷേത്രം 1952ലാണ് സ്ഥാപിതമായത്.ഇതിന്റെ ആദ്യകാലത്ത് ശിലാസ്ഥാപനകർമ്മം അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എ.ജെ ജോണാണ് നിർവഹിച്ചത്.ഈസ്കൂളിന്റെ തുടക്കം ക്ഷേത്രത്തോടുചേർന്നുള്ള കുളപ്പുരയിലായിരുന്നു. കാട്ടുപ്രദേശമായിരുന്ന തലവൂർഗ്രാമത്തിലെ തലവൂർദേവീക്ഷേത്രത്തിനുചുറ്റുമുള്ള കുന്നുംപ്രദേശമാണ് സ്കൂൾ നിർമ്മാണത്തിനായി നാട്ടുപ്രമാണിമാർ തെരഞ്ഞെടുത്തത്. നാട്ടുപ്രമാണിമാരുടേയും ജാതിമതഭേദമന്യേ സകലനാട്ടുകാരുടേയും സഹായസഹകരണത്തോടെയും നിരന്തരമായ കഠിനാദ്ധ്വാനത്തിലൂടെയും പരിശ്രമത്തിലൂടെയും പടുത്തുയർത്തിയതാണീ കലാക്ഷേത്രം. വിദ്യാദായിനിയും സർവ്വർക്കും ഐശ്വര്യദായിനിയും ആയ ഈ സരസ്വതീക്ഷേത്രം ജില്ലയിലെ മുൻനിരയിലുള്ള സ്കൂളുകളുടെ ശൃംഖലയിൽ അഗ്രഗണ്യമായ സ്ഥാനം കൈവരിച്ചിട്ടുള്ളതാണ്. ആദ്യകാലത്ത് ഈ സ്കൂളിന്റെ പ്രഥമാധ്യാപകൻ ശ്രീ ഇട്ടിപണിക്കർ സർ ആയിരുന്നു.ഇപ്പോൾ ഈ സ്കൂളിന്റെ പ്രഥമാധ്യാപക സ്ഥാനം വഹിക്കുന്നത് ശ്രീമതി രാജി.സി ടീച്ചറാണ്. എച്ച്.എസ്.സി, വി.എച്ച്.എസ്.സി വരെയുള്ള പഠനം ഇവിടെ നടന്നു വരുന്നു.ഇവിടെ ആകെ 1320 വിദ്യാർത്ഥികളും 69 ജീവനക്കാരും ഉണ്ട്. കൂടാതെ വളരെയധികം മികവ് പുലർത്തുന്ന ഒരു സ്ഥാപനമാണിത്. കംപ്യൂട്ടർലാബ്,`ലൈബ്രറി,വിഷയാടിസ്ഥാനത്തിൽ റീഡിംഗ്റൂമുകൾ കോപ്പറേറ്റീവ്സൊസൈറ്റി,സി.ഡി.ലൈബ്രററി,ഇൻഡോർ ആഡിറ്റോറിയം ഉൾപ്പെടെയുള്ള രണ്ട് ആഡിറ്റോറിയവും മറ്റ് എല്ലാവിധ സൗകര്യങ്ങളും ഈ സ്ഥാപനത്തിന് സ്വന്തമായുണ്ട്. ഈസ്കൂളിന്റെ സുവർണജൂബിലി 2002 ൽ വിവിധ ആഘോഷപരിപാടികളോട് കൂടി സമ്പന്നമാക്കിയിരുന്നു. കൂടാതെശാസ്ത്ര ലോകത്തിനും രാഷ്ട്രീയ, സാമൂഹികസാമ്പത്തിക ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പി.ടി.എ-യുടെ സഹായത്തോടെ വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ ഈ സ്കൂളിന് കഴിഞ്ഞു.സ്പോർട്സിനു വേണ്ടി സിന്തറ്റിക്ക് ട്രാക്ക്, ബയോഗ്യാസ് പ്ലാന്റ്, ആധുനിക രീതിയിലുള്ള ലാബുകൾ മഴവെള്ള സംഭരണി എന്നിവ ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള മികച്ച ഉദാഹരണങ്ങളാണ്.സാംസ്കാരിക, വിദ്യാഭ്യാസമേഖലയിലും നിരവധി പ്രതിഭകളെ സൃഷ്ടിച്ച ഈ കലാക്ഷേത്രം നാടിന് എന്തുകൊണ്ടും അഭിമാനകരമാണ്.ജില്ലയുടെ മലയോര മേഖലയുടെ വിദ്യാഭസ പുരോഗതിക്ക് സമഗ്രസംഭാവനയാണ് ഈ സരസ്വതീ ക്ഷേത്രം സംഭാവനചെയ്തിട്ടുള്ളത്.കൊല്ലം ജില്ലയിലെ ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നാണിത്. നാളിതുവരെയായി അരലക്ഷത്തോളം വിദ്യാർത്ഥികളാണ് ഈ സ്ഥാപനത്തിൽ നിന്നും പഠിച്ചിറങ്ങിയിട്ടുള്ളത്.

# വേഗമുറങ്ങൂ

വേഗമുറങ്ങൂ മകളേ വെയിൽ
ചായുന്നു കൊന്നപ്പൂപോലെ
അമ്പിളി പൊൻതിടമ്പേന്തും
കരിം - കൊമ്പനായ് രാത്രി
വരുന്നു.

മാനും മുയലും ഉറങ്ങി ,കാട്ടും
ആറു കടലുമടങ്ങി പായലിൽ
മീൻ മിഴി പൂട്ടി, നിലയ്ക്കായലിൽ
സ്വപ്നമായി സൂര്യൻ പക്ഷിയും
പാട്ടും മടങ്ങി കൂട്ടിൽ, അക്ഷരം
ഏട്ടിൽ മയങ്ങി.



# കടങ്കഥകൾ



**1.**ആയിരം കിളികൾക്കു ഒറ്റക്കൊക്ക് ?

ans: വാഴക്കുല

**2.**ആയിരം പറ അവലിൽ ഒരു നള്ളു കൊട്ടത്തേങ്ങ ?

ans: ചന്ദ്രക്കല

**3.**മുള്ളുണ്ട് മുറിക്കല്ല കയ്പുണ്ട് കാഞ്ഞിരമല്ല ?

ans: പാവക്ക

**4.**എന്നെ തൊട്ടുകൂട്ടും പക്ഷെ സദ്യക്ക് എടുക്കുല ?

ans: കാൽക്കുലേറ്റർ

**5.**ഒരു കുപ്പിയിൽ രണ്ടെണ്ണ ?

ans: മുട്ട

# എനിക്കു സ്കൂളിൽ പോകണം

എനിക്കു സ്കൂളിൽ പോകണം
എല്ലാം ചെന്നു പേടിക്കണം
എന്നു സ്കൂളിൽ പോകും ഞാൻ
ചങ്ങാതികളെക്കാണാനും ഞാൻ
ടീച്ചർ പാട്ടു പഠിപ്പിക്കും
കേൾക്കാൻ നല്ലൊരു കഥ പറയും

പാട്ടും കഥയും കൂടാതെ
പല കാര്യങ്ങൾ പറഞ്ഞു തരും
ഒരു നാള് നമ്മൾ വളരുമ്പോൾ
ഓരോ നാട്ടിൽ ചെല്ലുമ്പോൾ
ഒന്നാമന്മാരായീടാൻ
നന്നായി നമ്മൾ പേടിക്കണം



# Rainbow



**The seven bows**

**come after rain**

**All of them comes**

**One by one together**

**Colourful rainbow........**

**The colour is named vibgyor**

**Comes after rain**

**And shining in sunshine**

**Rainbow,Rainbow**

**Beautiful rainbow.**

# The first God

The first god is our mother

As the shadow of the god

She is very loving and caring

And makes affection towards me

She is not a machine

For only work in the kitchen

She is the first teacher

She plays all the roles

She is a friend

She is a teacher

She is a love pot

No one is equal to mother.



# അമ്മക്കുരുവിയുടെ വീട്

കരടിയുടെ കൊതി എന്ന കഥയ്ക്കു സമാനമായ മറ്റൊരു കഥ കൂടിയുണ്ട്. വെള്ളത്തിനു ക്ഷാമമുണ്ടാകും എന്നു മുൻകൂട്ടി മനസ്സിലാക്കിയ സിംഹരാജൻ തന്റെ മന്ത്രിമാരുടെ ഒരു യോഗം വിളിച്ചു.

കടുവ, പുള്ളിപ്പുലി, ചെന്നായ, കുറുക്കൻ, ആമ. ഇവരാണ് സിംഹത്തിന്റെ മന്ത്രിമാർ. കാര്യങ്ങളൊക്കെ വിശദീകരിച്ചതിനുശേഷം വെള്ളം എവിടെയെങ്കിലും തടഞ്ഞുകെട്ടി സൂക്ഷിക്കണമെന്ന് സിംഹം ആവശ്യപ്പെട്ടു.

അടുത്തദിവസം മുതൽ പണി തുടങ്ങുന്നതിനും നിർദ്ദേശിച്ചു. കുറുക്കൻ മാത്രം ഇക്കാര്യത്തിൽ വിസമ്മതം പ്രകടിപ്പിച്ചു. പണികളിലൊന്നും കുറുക്കൻ സഹകരിച്ചുമില്ല. അടുത്ത വേനൽ വന്നപ്പോൾ ജലസംഭരണിയിൽ നിറഞ്ഞു കിടക്കുന്ന ജലം കണ്ട് മൃഗങ്ങൾ വളരെയേറെ സന്തോഷിച്ചു.

ഒരു ദിവസം ചെന്നായ നോക്കുമ്പോൾ സംഭരണിയിലെ ജലം കലങ്ങിക്കിടക്കുന്നു. അടുത്തദിവസം അവൻ ഒളിച്ചിരുന്നു കാര്യം മനസ്സിലാക്കി. കുറുക്കൻ! അവൻ ആരും കാണാതെ സുത്രത്തിലെത്തി വെള്ളം കുടിക്കുകയും വിശാലമായി കുളിക്കുകയും ചെയ്യുന്നു. സംഗതി സിംഹരാജന്റെ ചെവിയിലുമെത്തി.

എന്താണു മാർഗ്ഗം? കുറുക്കനറിയാതെ മന്ത്രിമാരെ വിളിച്ചു വരുത്തിയിട്ട് സിംഹം പറഞ്ഞു. "അവനെ തടയണം. കഴിയുമെങ്കിൽ പിടിച്ചുകെട്ടി നല്ല ശിക്ഷ കൊടുക്കണം." പിന്നെ ചോദിച്ചു. "അടയാള സഹിതം അവനെ പിടിച്ചു കെട്ടാൻ നിങ്ങളിൽ ആർക്കു കഴിയും?" കടുവ. പുള്ളിപ്പുലി. ചെന്നായ.

മുന്നുപേരും ഒഴിഞ്ഞു. മഹാസൂധ്രശാലിയായ കുറുക്കൻ തങ്ങളെ കെണിയിൽ പെടുത്തിയാലോ എന്നവർ ഭയപ്പെട്ടു.

മന്ത്രിമാരുടെ കൂട്ടത്തിൽ ശരീരം കൊണ്ടും മറ്റും ദുർബ്ബലനായ ആമ വിനയത്തോടെ സിംഹത്തോടു പറഞ്ഞു.

"ഞാൻ ഞാനവനെ വീഴ്ത്താം."

അതുകേട്ട് മറ്റുമുന്നുപേരും ഉള്ളിൽ ചിരിച്ചു.

"നീയോ നിനക്കെങ്ങനെ അതു സാധിക്കും?"

ആമ തന്റെ പദ്ധതി വിശദീകരിച്ചു.

"കൊള്ളാം നീ ബുദ്ധിമാൻതന്നെ"

സിംഹം ആമയെ അഭിനന്ദിച്ചു. തൊട്ടടുത്ത ദിവസം കുറുക്കൻ പമ്മിപ്പമ്മി ജലസംഭരണിയിലെത്തി. ജലത്തിലേക്ക് പതിയെ കാലെടുത്തുവച്ച കുറുക്കൻ എന്തോ ഒരു വല്ലായ്മ തോന്നി. കാലുകൾ പിൻവലിക്കാൻ ശ്രമിച്ചെങ്കിലും അതിന് കഴിഞ്ഞില്ല. പെട്ടു.

താനൊരു കെണിയിൽപെട്ടുവെന്ന് പെട്ടെന്നു തന്നെ കുറുക്കന മനസ്സിലായി.

ആമ പതിയെ ഒന്നിളകി; തല വെളിയിലിട്ടു.

"എന്നെ സ്വതന്ത്രമാക്കിയില്ലെങ്കിൽ നിന്റെ തല ഞാൻ ചവിട്ടി പൊളിക്കും."

"നിന്റെ ഇഷ്ടംപോലെ ആയിക്കോ." ആമ ചിരിച്ചുകൊണ്ടു പറഞ്ഞു.

തന്റെ പിൻകാലുകൾകൊണ്ട് ആമയുടെ തല മാന്തിക്കീറാൻ ശ്രമിച്ച കുറുക്കന്റെ ആ കാലുകളും ആമയുടെ തോടിൽ കട്ടിയിൽ തേച്ചുപിടിപ്പിച്ചിരുന്ന ചെന്നർകൽ പശയിൽ (ഒട്ടിപ്പിടിക്കുന്ന ഒരുതരം കറുത്ത മെഴുകുപോലെയുള്ള പശ) പറ്റിപ്പിടിച്ചു. നാണവും കോപവും കൊണ്ട് തന്നെത്തന്നെ മറന്നുപോയ കുറുക്കൻ ആമയുടെ തല കടിച്ചു പറിക്കാൻ ശ്രമിച്ചു. പാവം കുറുക്കൻ, ആമയുടെ മുതുകിൽ ശരീരത്തിന്റെ കീഴ്ഭാഗം മുഴുവൻ ഒട്ടിപ്പിടിച്ചു കിടപ്പിലായിപ്പോയി അവൻ. വിവരം കാട്ടിലാകെ പെട്ടെന്നുതന്നെ പരന്നു. തന്റെ പുറത്ത് ഒട്ടിക്കിടക്കുന്ന കുറുക്കനുമായി ആമ പതിയെ തുഴഞ്ഞു പുറത്തുവന്നു.

സൂത്രം പ്രയോഗിക്കുന്നതിൽ അതിമിടുക്കനായ കുറുക്കനെ കെണിയിൽ വീഴ്ത്തിയ ആമയെ ഓരോരുത്തരും മാറിമാറി അഭിനന്ദിച്ചു.

നൂറടി നലകി കുറുക്കനെ കാട്ടിൽനിന്ന് പുറത്താക്കുന്നതിന് മൃഗങ്ങളുടെ യോഗം തീരുമാനിച്ചു.

അരുതാത്തതു ചെയ്താൽ എത്ര സൂരത്തശാലിയും ഒരുന്നാൾ വീഴും.

# കവി പരിചയം


## ബാലചന്ദ്രൻ ചുള്ളിക്കാട്



1957 ജൂലൈ 30 ന് പറവൂരിൽ ജനിച്ചു.[1] ആലുവയിലെ യൂണിയൻ ക്രിസ്ത്യൻ കോളേജ് (ആദ്യ രണ്ട് വർഷം), എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി.[2] അടിയന്തരാവസ്ഥക്കാലത്തും പിന്നീടും സി.പി.ഐ (എം) അനുഭാവം പുലർത്തി.{{തെളിവ്}} ജനകീയസാംസ്കാരികവേദി രൂപവത്കരിച്ചപ്പോൾ അതിന്റെ പ്രവർത്തനവുമായും സഹകരിച്ചു. പല തൊഴിലുകൾ ചെയ്ത ശേഷം1987ൽ കേരള സർക്കാർ സർവ്വീസിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. 1999ൽ ബുദ്ധമതം സ്വീകരിച്ചു.[3] തിരക്കഥകളും ചലച്ചിത്രഗാനങ്ങളും എഴുതിയിട്ടുണ്ട്. ഇപ്പോൾ ടെലിവിഷൻ സീരിയലുകളിലും സിനിമകളിലും അഭിനേതാവായി പ്രവർത്തിക്കുന്നു.[4][5] ഭാര്യ: വിജയലക്ഷ്മി. മകൻ : അപ്പു.

ന്യൂഡൽഹി, കൽക്കട്ട, ലക്നൗ, അഗർത്തല, റൂർക്കേല, ബാംഗ്ലൂർ, ഭോപ്പാൽ എന്നിവിടങ്ങളിൽ കഴിഞ്ഞ രണ്ടു ദശകങ്ങൾക്കുള്ളിൽ നടന്ന ദേശീയ സാഹിത്യസമ്മേളനങ്ങളിൽ മലയാളകവിതയെ പ്രതിനിധാനം ചെയ്തു. 1994 സെപ്റ്റംബറിൽ ആലുവയിൽവച്ച് സാഹിത്യഅക്കാദമിയുടെയും 'സുരഭി'യുടെയും

സംയുക്താഭിമുഖ്യത്തിൽ 22 ഇന്ത്യൻഭാഷകളിലെ 220 സാഹിത്യകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ 'മാനസോത്സവം' ദേശീയ സാഹിത്യസമ്മേളനത്തിന്റെ സ്വാഗതസംഘം കൺവീനർ. 1997 ഒക്ടോബർ-നവംബറിൽ സ്വീഡിഷ് സർക്കാരിന്റെയും സ്വീഡിഷ് റൈറ്റേഴ്സ് യൂണിയന്റെയും നോബൽ അക്കാദമിയുടെയും സംയുക്തക്ഷണമനുസരിച്ച് സ്വീഡൻ സന്ദർശിച്ച പത്തംഗ ഇന്ത്യൻസാഹിത്യകാരസംഘത്തിൽ അംഗം. 1997 നവംബർ ഒന്നിന് സ്വീഡനിലെ ഗോട്ടെൻബർഗ് നഗരത്തിൽ നടന്ന അന്താരാഷ്ട്രപുസ്തകോത്സവത്തോടനുബന്ധിച്ച് സാഹിത്യസമ്മേളനത്തിൽ ഇന്ത്യൻ കവിതയെ പ്രതിനിധീകരിച്ചു.ഹിന്ദി, ബംഗാളി, മറാഠി, രാജസ്ഥാനി, അസമിയ, പഞ്ചാബി, കന്നഡ, തമിഴ്, തെലുങ്ക് എന്നീ ഇന്ത്യൻ ഭാഷകളിലേക്കും ഇംഗ്ലീഷ് , ഫ്രഞ്ച്, സ്പാനിഷ്, സ്വീഡിഷ് എന്നീ വിദേശഭാഷകളിലേക്കും കവിതകൾ തർജമ ചെയ്യപ്പെട്ടു .



# സുഭാഷ് ചന്ദ്രൻ



മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ പ്രമുഖനാണ് സുഭാഷ് ചന്ദ്രൻ. മാതൃഭൂമി ആഴ്ചപ്പതിപ്പു നടത്തിയ ചെറുകഥാമൽസരത്തിലൂടെ ചെറുകഥാരംഗത്തു പ്രവേശം ചെയ്തു. ഇപ്പോൾ കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗമായി പ്രവർത്തിക്കുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായും പ്രവർത്തിക്കുന്നു. ആദ്യ ചൊട്ടൻ രചയിതാവും, ചെറുകഥാസമാഹാരത്തിനും (ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം) ആദ്യ നോവലിനും (മനുഷ്യന് ഒരു ആമുഖം) കേരള സാഹിത്യ അക്കാദമി പുരസ്കാരം ഇദ്ദേഹത്തിനു ലഭിച്ചു[1]. ഈ നോവലിനു തന്നെ ഓടക്കുഴൽ പുരസ്കാരവും ലഭിച്ചു. മികച്ച നോവലിനുള്ള കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം മനുഷ്യന് ഒരു ആമുഖം എന്ന നോവലിനു ലഭിച്ചു[2] . നൂറു വർഷത്തെ കഥാഗതിയും നൂറിലേറെ കഥാപാത്രങ്ങളുടെ ജീവിതസന്ദർഭങ്ങളുമായി പ്രത്യക്ഷപ്പെട്ട നോവലാവട്ടെ ഏത് ക്ലാസ്സിക് കൃതിയോടും മൽസരിക്കാൻ കെൽപ്പുള്ളവയാണ്. എല്ലാ കഥകളും മനുഷ്യന്റെ ക്ഷണികതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അടിത്തറയില്ലാത്ത മനുഷ്യജീവിതത്തിലേക്കുള്ള എത്തിനോട്ടമാണ് ഈഡിപ്പസിന്റെ അമ്മയും അമേരിക്കയും. ഹേയ് മനുഷ്യാ പരമാണുവിനേക്കാൾ ചെറുതാണ് നീ എന്ന അറിവാണ് ഓരോ സുഭാഷ് ചന്ദ്രൻ കൃതികളും നമ്മോട് പറയുന്നത്.

# ലഹരിക്കെതിരെ......

സമൂഹത്തിനെ നാശത്തിലേക്കു നയിക്കുന്ന ലഹരി മരുന്നുകള് ജീവിതത്തിൽ നിന്നും തുടച്ചു നീക്കുക എന്ന ലക്ഷ്യവുമായി ലോകരാജ്യങ്ങൾ ഇന്ന് ലഹരി വിരുദ്ധ ദിനം ആചരിക്കുകയാണ്. യുവതലമുറയാണ് ഇന്ന് ഏറ്റവും കൂടുതൽ ലഹരി പദാർത്ഥങ്ങൾക്കും മയക്കുമരുന്നുകൾക്കും അടിമകളാകുന്നത്. യുവതലമുറ ലഹരി വസ്തുക്കളിലേക്ക് ആകർഷിക്കപ്പെടുന്നത് തടയണമെന്ന് ഐക്യരാഷ്ട്ര സമിതി നിർദേശിക്കുന്നുണ്ട്. ഐക്യരാഷ്ട്ര സംഘടനയാണ് ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി പ്രഖ്യാപിച്ചത്. ലിസൺ ഫസ്റ്റ് എന്നതാണ് ഇക്കുറിയിലെ മുദ്രാവാക്യം.

കൗമാരക്കാരെ ആകർഷിക്കുന്ന ലഹരി മരുന്നുകൾ മസ്തിഷ്കത്തെയും നാഡീ പ്രവർത്തനത്തെയും ബാധിക്കും. വീണ്ടും വീണ്ടും ഉപയോഗിക്കണമെന്ന പ്രേരണ ഉയർത്തുകയും ചെയ്യും. ദു:ഖങ്ങൾ മറക്കാനും സന്തോഷത്തിനായുമാണ് മയക്കു മരുന്ന് ഉപയോഗിക്കുന്നതെന്നാണ് പല മയക്കു മരുന്ന് അടിമകളും പറയുന്നത്. രാജ്യത്ത് ലഹരിക്കടിമകളായവർ 7.3 കോടിയിലേറെയുണ്ടെന്നാണ് കണക്ക്.

മയക്കു മരുന്ന് ഉപയോഗം ക്യാമ്പസുകളിലും സ്കൂളുകളിലും വർധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് ഓരോ വർഷവുമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. സ്വയം നശിക്കുന്ന ഇക്കൂട്ടരെ രക്ഷപ്പെടുത്തുന്നതിൽ നിന്നും വൈദ്യശാസ്ത്രം പോലും പരാജയപ്പെടും. ജീവിതം ലഹരി വിമുക്തമാക്കാൻ ലോകത്താകമാനം ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നു. എന്നാൽ സ്വയം ഇനി ലഹരി പദാർത്ഥം ഒരിക്കലും ഉപയോഗിക്കില്ല എന്ന് ഒരു വ്യക്തി ഉറച്ച തീരുമാനമെടുക്കുന്നതാണ് ഇത്തരം ബോധവത്കരണ പരിപാടികളുടെ പൂർണ വിജയം.

# എന്റെ വിദ്യാലയം

തലവൂരിൻ നടുവിൽ ചാരുതയോടെ
നിൽകുന്നൊരാലയമെന്റെവിദ്യാലയം
മധു വൃക്ഷം പോലെ അറിവിൻ
കുളിരുമായി വാഴും ക്ഷേത്രമതല്ലേ
അമൃതാക്ഷര മധുരം നൽകി
വളർത്തിയ നമ്മുടെ വിദ്യാലയമല്ലേ
ആയിരമായിരം കുരുന്നുമനസ്സിൽ
അറിവിൻ പ്രഭ വിതറിയ മുത്തല്ലേ
ഈ തലവൂരിൻചരിത്രം
മാറ്റിയെഴുതിയ മുത്തല്ലേ
ഈ മധുവൃക്ഷതിൻ പൂക്കൾ പോൽ
വാഴും ഗുരുക്കന്മാർ
ആ മധുനകരാനെത്തും
പൂമ്പാറ്റകളാം ഞങ്ങൾ
അവരൊത്തൊരുമിച്ച് പടുത്തുയർത്തിയിടുന്നൊരു
സ്വർഗം



# ഓർമ്മ

അമ്മതൻ അമ്മിഞ്ഞപ്പാലിന്റെ മാധുര്യം

അച്ഛന്റെ നെഞ്ചിലെ ചൂടും

ഏട്ടന്റെ തലോടലും

ഓടിയെത്തുന്നു എന്നിലെ ഓർമ്മകൾ

പിച്ചവച്ചീടുന്ന മുറ്റവും മുത്തശ്ശി കഥകളും

അക്ഷരം പഠിപ്പിച്ച ഗുരുനാഥന്മാരും

കൂടെനടക്കുന്നോരെൻ കൂട്ടുകാരും


പങ്കുവയ്ക്കുന്നുണ്ടെൻ ബാല്യത്തിൻ ഓർമ്മകൾ......



# വരകൾ..... വർണങ്ങൾ.......












# PAULO COELHO



# നന്ദിപൂർവ്വം........



**Team Little Kites 2022-2025 Batch**

# മറുമൊഴി

വിജിനമായ ഈ ഇടനാഴിപോലെയല്ല 'സാരംഗി' വായിച്ചെടുത്ത നിങ്ങളുട മനസ്സ് എന്ന് വിശ്വസിക്കുന്നു...

വാക്കുകൾ ഇവിടെ പൂർണമല്ല ....
സൃഷ്ടിയുടെ പൂർണ്ണത തേടിയുള്ള
ഈ യാത്രയെ വാക്കുകൾ കൊണ്ട്
ഇവിടെ തടയിട്ട് നിർത്താനമാകില്ല ...

ഇനിയും യാത്ര തുടരട്ടെ ...........

എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും മനസ്സിൽ സൂക്ഷിക്കുന്നു .

സ്നേഹപൂർവ്വം-**Team Little Kite**

